# പ്രവാസതീരത്ത് തോണിയും കാത്ത്

പഴയ കാല രചനകൾ ഇ മലയാളിയിൽ വായിക്കുക.

**വാസുദേവ് പുളിക്കൽ**

സുഖവും ദുഃഖവും ഇടകലർന്നതാണല്ലൊ ജീവിതം. ചിലർക്ക് ദുഖാനുഭവങ്ങളുമായി കൂടുതൽ മല്ലിടേണ്ടി വരുന്നുണ്ടെങ്കിലും സുന്ദരസ്വപ്നങ്ങൾ ചിറകു വിടർത്തി നിന്ന് അവരെ ആശ്വസിപ്പിക്കുന്നു. യാഥാർത്ഥ്യം എന്തു തന്നെയായിരുന്നാലും സ്വപ്നങ്ങളുടെ ലോകത്ത് ജീവിക്കാനാണ് മനുഷ്യർക്കിഷ്ടം. ''സ്വപ്നങ്ങളെ നിങ്ങൾ സ്വർഗ്ഗകുമാരികളല്ലൊ, നിങ്ങളീ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ നിശ്ചലം ശൂന്യമീ ലോകം.'' എന്നാണല്ലൊ കവി പാടിയിരിക്കുന്നത്. മനസ്സിൽ നിറയെ സ്വപ്നങ്ങളും ഒക്കത്ത് കുട്ടികളുമായും അല്ലാതേയും വളരെയേറെ മലയാളികൾ അമേരിക്ക എന്ന സ്വപ്നഭൂമിയിൽ വന്നിറങ്ങി. ലോകത്തിലെ ഏറ്റവും വലിയ സമ്പന്ന രാജ്യത്ത് എത്തിയാൽ സുഖ സമൃദ്ധികളുടെ മുന്തിരിച്ചാറ് വേണ്ടുവോളം മൊത്തിക്കുടിച്ചാസ്വദിക്കാമെന്ന് അവർ സ്വപ്നം കണ്ടിട്ടുണ്ടെങ്കിൽ അത് തികച്ചും സ്വാഭാവികമാണ്.

കുളിർമയുള്ള പുഴവെള്ളത്തിൽ കുളിച്ച് നെറ്റിയിൽ ചന്ദനക്കുറിയും ചാർത്തി കസവുനേരിയതുമുടുത്ത് ക്ഷേത്ര ദർശനം നടത്തിയും പള്ളിയിൽ കുർബ്ബാന കണ്ടും കഴിഞ്ഞവർക്ക് ഈ സ്വപ്നഭൂമിയിലെ ജീവിതായോധനത്തിനിടയിൽ അത്തരം സ്വാനുഭൂതികളോട് വിട പറയേണ്ടി വന്നു. ഈ ബദ്ധപ്പാടിനിടയിലും സ്വപ്നങ്ങളുടെ പൂക്കാലത്തിന്റെ വരവിനായി അവർ അനവരതം പ്രയത്നിക്കാൻ തുടങ്ങി. പാറക്കല്ലുകളിൽ തട്ടിയൊഴുകുന്ന പുഴകൾ–കായലിലേക്ക് തല ചായ്ച്ചു നിൽക്കുന്ന തെങ്ങുകൾ–ആമ്പൽ കുളങ്ങൾ–പച്ചവിരിച്ച പാടങ്ങൾ–താമര ഇല കൊണ്ടു പച്ചപിടിച്ചു കിടക്കുന്ന തടാകങ്ങൾ–കേരളത്തിന്റെ അത്യന്തം ഹൃദ്യമായ പ്രകൃതി രമണീയത ഓർമ്മയിൽ പച്ച പിടിച്ചു നിന്നു. സമ്പന്നതയുടെ സമുന്നത പദവിയിൽ എത്തി നിൽക്കുന്ന പരിഷ്ക്കാരോന്മുഖരായ പാശ്ചാത്യരുമായി ഇടപഴകിയപ്പോൾ ജീവിതത്തിന്റെ തനിമയും ലാളിത്യവും ലാവണ്യവും നഷ്ടപ്പെടുന്നതു പോലെ പലർക്കും അനുഭവപ്പെട്ടു. ഈ നഷ്ട സൗഭാഗ്യങ്ങളുടെ ഗൃഹാതുരത്വത്തിലൂടെ കാലങ്ങൾ കഴിഞ്ഞു പോയപ്പോൾ ഈ സ്വപ്നഭുമിയിലെ ജീവിത യാഥാർത്ഥ്യവുമായി കൂട്ടിയുരുമ്മി പലരുടേയും സ്വപ്നങ്ങൾ വാടിക്കരിഞ്ഞ് കാലചക്രത്തിന്റെ കറക്കത്തിൽ ചതഞ്ഞരഞ്ഞു പോയി. ഇത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. അതോർത്ത് പൊടിയുന്ന കണ്ണീരൊപ്പി പലരും പുറകോട്ട് തിരിഞ്ഞു നോക്കാൻ തുടങ്ങി. കാലത്തിന്റെ യാഗാശ്വത്തിനൊപ്പം ഓടിത്തളർന്നവർ–പ്രവാസ തീരങ്ങളിൽ ഒത്തിരി സ്വപ്നങ്ങളുടെ കതിർക്കുലകൾ കൊയ്തവർ.

ഭാരതീയ പൈതൃകത്തിന്റെ ആധാരശിലകളായ വേദേതിഹാസങ്ങളിലേയും പുരാണങ്ങളിലേയും അന്തസത്തയും ജീവിതവീക്ഷണവും ഉൾക്കൊണ്ട് സ്വന്തം ജീവിതം സാർത്ഥകമാക്കാൻ ഭൗതികതയുടെ അഭിവൃദ്ധി കൊണ്ടു മാത്രം സാധിക്കുകയില്ല എന്ന് മനസ്സിലാക്കിയവരുണ്ട്. അവരുടെ കൂട്ടത്തിൽ ''ചെങ്കോലു ദൂരത്തിട്ട് യോഗദണ്ഡെടുത്ത, പൊൻ കിരീടത്തെ ജടാജ്ജൂടമായ് മാറ്റിയ'' ചക്രവർത്തിമാരുമുണ്ടായിരുന്നു. മനുഷ്യത്ത്വത്തെ പരിപൂർണ്ണമാക്കിത്തീർക്കുന്ന ധർമ്മ വിശേഷത്തെ ഉയർത്തിപ്പിടിക്കുന്നത് ഭാരതത്തിന്റെ സഹജമായ സംസ്ക്കാരമാണ്. അങ്ങനെയുള്ള ഒരു സംസ്ക്കാരത്തിന്റെ പാരമ്പര്യം ഏറ്റു വാങ്ങി ഇവിടെ എത്തിയവർ നവീന ശാസ്ത്രപഠനത്താൽ സമ്പാദിച്ച വിജ്ഞാനം കൊണ്ട് പടുത്തുയർത്തിയ സംസ്ക്കാരവുമായി ഇഴുകിച്ചേരാൻ ശ്രമിക്കുന്ന തങ്ങളുടെ സന്താനങ്ങളിലേക്ക് സ്വന്തം സംസ്ക്കാരം പൂർണ്ണമായും പകർന്നു കൊടുക്കാൻ സാധിക്കാതെ വിഷമിക്കുന്നു. ആർഷസംസ്ക്കാരത്തിന്റെ ബീജമന്ത്രങ്ങൾ ചൊല്ലിക്കൊടുക്കുന്നുണ്ടെങ്കിലും അത് അവരുടെ മനസ്സിൽ പതിയാതെ ഊർന്നു പോകുന്നു. ഭാരതീയ സംസ്ക്കാരത്തിന്റെ വേരുകൾ അവരിൽ പടരുന്നില്ല. എന്താണിതിനു കാരണം?

അമ്പലവും ആൽത്തറയും അവർക്ക് പരിചയമില്ല. തിരുവാതിര ഞാറ്റുവേലയെ പറ്റി കേട്ടിട്ടില്ല. കാവിലെ ഉത്സവും പള്ളിയിലെ പരുന്നാളും അവർ കണ്ടിട്ടില്ല. ഗ്രാമീണ ജീവിതത്തിന്റെ നിഷ്ക്കളങ്കതയും പവിത്രതയും അവർക്ക് പരിചയമില്ല. ആദ്ധ്യാത്മിക വിദ്യാഭ്യാസം വേണ്ടത്ര ലഭിച്ചിട്ടില്ല. മലയാളി കുട്ടികൾ മലയാള ഭാഷ കൈവശപ്പെടുത്തുന്നില്ല. ആർഷസംസ്കാരത്തിന്റെ ശഖുനാദം മുഴങ്ങേണ്ടുന്ന ഗൃഹാന്തരീക്ഷത്തിൽ പാശ്ചാത്യ സംഗീതത്തിന്റെ 'ഡ്രം' അടിയുടെ മുഴക്കം അലയടിക്കുന്നു. ശരീരത്തെ ഇളക്കാൻ മാത്രം സാധിക്കുന്ന ഈ സംഗീതത്തിനു പകരം മനസ്സിന്റെ അകത്തളങ്ങളിൽ ചലനമുണ്ടാക്കുന്ന കർണ്ണാടക സംഗീതമോ ഹിന്ദുസ്ഥാനി സംഗീതമോ കേൾക്കാൻ കുട്ടികൾ വിമുത കാണിക്കുമ്പോൾ (അംഗുലീ പരിമിതമായവർ കേൾക്കുന്നുണ്ടായിരിക്കാം) അഷ്ടപതി കേട്ട് കുളിർത്ത മനസ്സുകൾ വേദനിക്കുന്നു. അത്മാർത്ഥമായി സ്നേഹിക്കാനും ആദരവോടെ അനുസരിക്കാനും ഭാവി തലമുറക്ക് കഴിയുമോ എന്ന് സംശയം. ഇതെല്ലാം കേട്ടും കണ്ടും സ്വന്തം സംസ്ക്കാരമെങ്കിലും ശോഷിച്ചു പോകരുതേ എന്ന പ്രാർത്ഥനയോടെ കൈകൂപ്പി നിൽക്കുന്നു ഒന്നാം തലമുറ.

സമയം ആരേയും കാത്തു നിൽക്കാറില്ല. അറുപതിന്റെ ചവിട്ടുപടിയിൽ എത്തിനിൽക്കുന്ന ഒന്നാം തലമുറക്കാർ കണ്ണാടിയിൽ നോക്കുമ്പോൾ നെടുവീർപ്പിടുന്നു. നരയും കഷണ്ടിയും മുഖത്തെ ചുളിവും മൂക്കത്തു വീണിരിക്കുന്ന കണ്ണടയും കാലത്തിന്റെ സംഭാവനകൾ. പിറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ നേടിയതെന്ത്? നഷ്ടപ്പെട്ടതെന്ത്? പണം ജീവിതത്തെ സമ്പൂർണ്ണവും സംതൃപ്തവുമാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഈ സ്വപ്നഭൂമിയിലെ പരിതസ്ഥിതിയിൽ പെട്ട് ജീവിത ദുരിതങ്ങളുടെ ആഴത്തിൽ പതിച്ചവർ, തങ്ങളുടെ ഇച്ഛാശക്തിക്കു മുന്നിൽ ദുർബലരായവർ പണത്തിന്റെ പിന്നാലെയുള്ള പരക്കം പാച്ചലിൽ മക്കൾക്ക് കൊടുക്കേണ്ട സ്നേഹവാത്സല്യങ്ങൾ കൊടുക്കാൻ സാധിച്ചോ എന്ന് സംശയിക്കുന്നു. ഇന്നിപ്പോൾ അവരുടെ ഇഷ്ടത്തിനു വഴങ്ങിയില്ലെങ്കിൽ കുറ്റപ്പെടുത്തലുകൾ, ശകാരവാക്കുകൾ. മക്കൾ എയ്തു വിടുന്ന ശകാരവാക്കുകൾ കേട്ട് വികാരം നിയന്ത്രിച്ചില്ലെങ്കിൽ ജയിൽ. വാർദ്ധ്യകൃത്തിൽ നേഴ്സിംഗ് ഹോമിൽ അഭയം പ്രാപിക്കേണ്ടി വരുന്ന ദയനീയാവസ്ഥ ഓർക്കുമ്പോൾ ഹൃദയഭാരം കൂടുന്നു എന്ന ദുഃഖസത്യം ഓരോ പ്രവാസിയേയും ചിന്തിപ്പിച്ചേക്കാം. ഈ സ്വപ്നഭുമിയിലെ ജീവതത്തോട് വിട പറഞ്ഞ് ജനിച്ച മണ്ണിൽ അന്ത്യവിശ്രമം കൊള്ളാനുള്ള ആശ കൂടുന്നു. അനുയോജ്യമായ ഒരു തോണി കിട്ടിയിരുന്നെങ്കിൽ അക്കരക്കു തന്നെ മടങ്ങിപ്പോകാമായിരുന്നു എന്ന തോന്നൽ. അതു സാധ്യമാവുമോ? സംസാരസാഗരത്തിൽ കിടന്നുഴലുന്ന മനുഷ്യനും അതിൽ നിന്ന് രക്ഷപെടാൻ ആഗ്രഹിക്കുന്നുണ്ട്. ഭവസാഗരത്തിന്റെ മറുകര കടക്കാൻ ആരാണ് തോണി ഇറക്കുക. ''നാവികൻ നീ ഭവാബ്ധിയ്ക്കോരാവി വൻതോണി നിൻപദം'' സംസാരസാഗരത്തിൽ നിന്ന് രക്ഷപെടുത്താൻ ദൈവം കപ്പിത്താനായിട്ടുള്ള തോണി തന്നെ വരണം. അങ്ങനെ ഒരു തോണി ലഭ്യമായാൽ ജനിമൃതികളിൽ നിന്ന് മോചനം നേടി മോക്ഷപദം പ്രാപിക്കുകയായി. അതു എളുപ്പത്തിൽ സാധിച്ചുകൊള്ളണമെന്നില്ല. എങ്കിലും മോക്ഷപദപ്രാപ്തിക്കായി എല്ലാവരും അതിയായ ആഗ്രഹത്തോടെ കാത്തിരിക്കുന്നു.

അതുപോലെ, ഈ സ്വപ്നഭൂമിയിൽ നിന്ന് അക്കര കടക്കാൻ ഒരു തോണി കിട്ടിയിരുന്നെങ്കിൽ എന്ന ആഗ്രഹത്തിൽ പ്രവാസതീരത്ത് തോണിയും കാത്തിരിക്കുന്നവരും ഏറെയുണ്ട്. വർഷങ്ങൾക്ക് മുൻപ് തങ്ങളുടെ മതാപിതാക്കന്മാരെ അക്കരയിട്ടിട്ട് ഈ സ്വപ്നഭൂമിയിൽ ചേക്കേറിയവർ സ്വപ്നഭൂമിയോട് വിട പറയാൻ പ്രകടിപ്പിക്കുന്ന ആഗ്രഹം അവരുടെ വേദനിപ്പിക്കുന്ന അനുഭവങ്ങളുടെ കഥയല്ലേ പറയുന്നത്? നാട്ടിൽ എത്തിയാൽ അവിടെ ശാന്തിയും താങ്ങും തണലുമുണ്ടകുമെന്ന സുരക്ഷാബോധം വളർത്തുന്ന സാഹചര്യങ്ങൾ മനുഷ്യനിൽ ജനിപ്പിക്കുന്ന ആത്മവിശ്വാസത്തിന്റെ പ്രതീകമല്ലേ? തിരിച്ചു പോകുന്ന പ്രവാസികൾ വയ്ക്കുന്ന ഓരോ കാലടികളും ഉണ്ടാക്കുന്ന പാടുകൾ അവരുടെ സഫലമാകാത്ത ആഗ്രഹങ്ങളുടെ അടയാളമല്ലേ? ഇത് കഥയോ കാര്യമോ എന്ന് ചിന്തിക്കുന്നവർ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിയാതെ, ''അക്കരക്കുണ്ടോ, വായോ, വായോ'' എന്ന് എവിടെ നിന്നോ കേൾക്കുന്ന ശബ്ദം കേട്ട് പരിഭ്രമിച്ചു നില്ക്കുന്നു.